# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1758 16/02/2016 ൽ മറുപടിക്ക്

## സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതർക്ക് നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | ആശ്രിതർ എന്ന ഗണത്തിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ലഭിക്കുന്നവരുടെ ഭാര്യ/ഭർത്താവ്, അവിവാഹിതയായ മകൾ, പ്രായപൂർത്തിയാകാത്ത മകൻ, വിധവയായ പെൺമക്കൾ, വിവാഹമോചിതരായ പെൺമക്കൾ, ഗുരുതരമായ മാനസിക/ശാരീരിക വൈകല്യം നേരിടുന്ന മക്കൾ എന്നിവരെയും, കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ലഭിക്കുന്നവരുടെ ഭാര്യ/ഭർത്താവ്, അവിവാഹിതരും തൊഴിൽ രഹിതരുമായ പെൺമക്കൾ എന്നിവരെയുമാണ് ആശ്രിതർ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | സ്വാതന്ത്ര്യ സമര സേനാനികളുടെ സർക്കാർ ഉദ്യോഗസ്ഥരായ ആശ്രിതർക്ക് സ്ഥലം മാറ്റം സംബന്ധിച്ച കാര്യങ്ങളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്, സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യ/ഭർത്താവ്, സ്വാതന്ത്ര്യ സമര സേനാനിയെ സംരക്ഷിക്കുന്ന മകൻ/ മകൾ എന്നിവർക്ക് സ്ഥലംമാറ്റ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ